DESPATCHED
On... 27/06/2020
4. 2. 20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 874(2)/2017/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം. 4707/എസ്.ഐ.സി-ജി 6/2017)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.കുഞ്ഞിക്കണ്ണൻ മാസ്റ്റർ,
സെക്രട്ടറി, കുഴൽമന്ദം ബ്ലോക്ക് കോൺഗ്രസ് (ഐ) കമ്മിറ്റി,
മാടമ്പറക്കാല, മാടമ്പറ, പല്ലാവൂർ പി.ഒ,
പാലക്കാട് – 678 688. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   പൊതു വിദ്യാഭ്യാസ (ജി) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
   തിരുവനന്തപുരം .

2. അപ്പീൽ അധികാരി,
   പൊതു വിദ്യാഭ്യാസ (ജി) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
   തിരുവനന്തപുരം .

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.09.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 09.11.2016 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 02.03.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10.04.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല.<br>ഹാജരായിരുന്നു |

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.എൻ.കുഞ്ഞിക്കണ്ണൻ മാസ്റ്റർ 10.04.2017 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 14.09.2016 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

I. Please specify the action taken by Govt. on my E-mail representation dt.07/09/2016. Attach certified copy of all the connected documents.

II. If no action had been taken till date, please specify the reason for the delay/ inaction and the Name & designation of all the officials responsible for the same and action taken against each of them. Attach certified copy of all the connected documents.

III. Please specify whether the said representation has been forwarded from any of the higher authorities till date. If so, specify the details and attach certified copy of all the connected documents. തുടങ്ങിയ 6 ഇനങ്ങളിലായുള്ള വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 05.05.2017 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 14.09.2016 ൽ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയും 09.11.2016 ൽ സമർപ്പിച്ച അപ്പീൽ അപേക്ഷയും പൊതു വിദ്യാഭ്യാസ(ജി) വകുപ്പിൽ ലഭിച്ചതായി കാണുന്നില്ലായെന്നും ഓഫീസ് സെക്ഷനിലെ കമ്പ്യൂട്ടറിൽ വിശദമായി പരിശോധിച്ചതിൽ നിന്നും 2016 ൽ ടിയാന്റെ പേരിൽ ധാരാളം തപാലുകൾ വിവിധ സെക്ഷനുകളിൽ ലഭ്യമായിട്ടുണ്ടെങ്കിലും 14.09.2016 ലെയും 09.11.2016 ലെയും തപാലുകൾ ലഭ്യമായതായി കാണുന്നില്ലായെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 18.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം 14.09.2016 ന് സമർപ്പിച്ച അപേക്ഷ ഓഫീസിൽ ലഭ്യമായില്ലായെന്നും ടിയാൻ സമർപ്പിച്ച മറ്റ് അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും ഹാജരായ എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ടി സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരൻ 14.09.2016 ന് സമർപ്പിച്ച 6(1) അപേക്ഷയുടെ പകർപ്പ് ഹിയറിംഗ് സമയത്ത് കമ്മീഷൻ എതിർകക്ഷിയ്ക്ക് നൽകുകയുണ്ടായി. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം 10 ദിവസത്തിനകം അപ്പീൽ ഹർജിക്കാരനു ലഭ്യമാക്കേണ്ടതും ആയതിന്റെ പകർപ്പ് റിപ്പോർട്ട് സഹിതം കമ്മീഷനിൽ സമർപ്പിക്കേണ്ടതുമാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 04-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**